ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.01.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. മിഷൻ മൗസം പദ്ധതി, രാജ്യത്തെ ഭാവിയിലേക്ക് സജ്ജമാക്കാനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; കാലാവസ്ഥാ വകുപ്പിൻറെ 150 -ാം സ്ഥാപക ദിനാഘോഷം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

**Prime Minister Narendra Modi today launched Mission Mausam to make the country a weather-ready and climate-smart nation. The Prime Minister launched this mission during the celebrations of 150th Foundation Day of India Meteorological Department.**

2. ഇന്ത്യൻ വികസന കാഴ്ചപ്പാടിന് ആഗോള പ്രാധാന്യം ലഭിച്ചതായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ

**External Affairs Minister Dr. S. Jaishankar has highlighted India's rising global stature and its unique ability to navigate a polarized world while providing meaningful assistance during challenging times.**

3. മകരവിളക്കിനൊരുങ്ങി ശബരിമല; ഒരുക്കങ്ങൾ പൂർണം; പ്രയാഗ് രാജിലെ കുംഭമേളയിൽ ഇന്ന് പവിത്ര സ്നാനം.

**Sabarimala is ready for Makaravilakku; preparations are complete; holy dip today at the Kumbh Mela in Prayagraj.**

4. അറിവ്, നൈപുണ്യം, അഭിരുചി എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ഉന്നത വിദ്യാഭ്യാസ സമ്പ്രദായമാണ് കേരളം ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan said that Kerala aims to have a higher education system that emphasizes knowledge, skills, and aptitude.**

5. ഐ എസ് എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ഗോവയെ നേരിടും. ഇന്ത്യ ഓപ്പൺ സൂപ്പർ 750 ബാഡ്മിൻറൺ ടൂർണമെൻറിന് ഇന്ന് തുടക്കം.

**North East United will face Goa in ISL football. India Open Super 750 badminton tournament begins today.**

**&&&&&&&&&&&&&&**

## PM MODI- IMD (INTRO)

രാജ്യത്തിൻറെ കാലാവസ്ഥാ നിരീക്ഷണ സംവിധാനത്തെ സ്മാർട്ടാക്കാനും ഭാവിയിലേക്ക് സജ്ജമാക്കാനുമാണ് മിഷൻ മൗസം ആരംഭിക്കുന്നതെന്ന്

പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ, കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ 150-ാം സ്ഥാപക ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സുസ്ഥിരമായ ഭാവിയ്ക്കായുള്ള രാജ്യത്തിൻറെ പ്രതിബദ്ധതയ്ക്കുള്ള പ്രതീകം കൂടിയാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഐഎംഡി യുടെ 150 വർഷത്തെ യാത്രയെ പ്രധാനമന്ത്രി പ്രശംസിച്ചു. ഇത് ഇന്ത്യൻ കാലാവസ്ഥ വകുപ്പിൻറെ യാത്ര മാത്രമല്ല, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ മഹത്തായ യാത്രയാണിതെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ് വോയിസ്- പി എം)

കാലാവസ്ഥ വ്യതിയാനം മുൻകൂട്ടി അറിയാനും, നേരിടാനും രാജ്യത്തെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മിഷൻ മൗസം പദ്ധതി നടപ്പിലാക്കുന്നത്. കാലാവസ്ഥാ മികവുള്ള രാഷ്ട്രമായി ഇന്ത്യ മാറുന്നുവെന്ന് ഉറപ്പാക്കാൻ പദ്ധതി വഴി വയ്ക്കും. കാലാവസ്ഥാ പ്രവചനം, മാനേജ്മെൻറ്, കാലാവസ്ഥാവ്യതിയാന ലഘൂകരണം, എന്നിവയ്ക്കുള്ള പദ്ധതികൾ ഉൾപ്പെടുത്തി 'IMD വിഷൻ-2047' എന്ന വീക്ഷണരേഖ, സ്മരണിക നാണയം, സ്റ്റാമ്പ് തുടങ്ങിയവ പ്രധാനമന്ത്രി പുറത്തിറക്കി. കഴിഞ്ഞ 150 വർഷത്തിനിടയിലെ കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഉൾപ്പെടുത്തിയുള്ള പ്രദർശനവും പ്രധാനമന്ത്രി സന്ദർശിച്ചു.

**&&&&&&&&&&&&&&**

## DIRECT TAX COLLECTION

നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെ രാജ്യത്തിൻ്റെ പ്രത്യക്ഷ നികുതി വരുമാനം 16 ശതമാനം ഉയർന്ന് 16 ലക്ഷത്തി തൊണ്ണൂറായിരം കോടി രൂപയിലെത്തി. കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിൻറെ കണക്കനുസരിച്ച്, മൊത്തം പ്രത്യക്ഷ നികുതി വരുമാനവും 20 ശതമാനം വളർച്ച കൈവരിച്ച് 20 ലക്ഷം കോടി രൂപയായി. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഏകദേശം 17 ലക്ഷം കോടി രൂപയായിരുന്നു സമാഹരിച്ചത്. കോർപ്പറേറ്റ് നികുതി വരുമാനമായി ഏകദേശം പത്ത് ലക്ഷം കോടി രൂപയും കോർപ്പറേറ്റ് ഇതര നികുതി ഏകദേശം 11 ലക്ഷം കോടി രൂപയുമാണ് ലഭിച്ചത്.

അതേസമയം രാജ്യത്തെ വിലക്കയറ്റത്തിന് ശമനം. 5.22 ശതമാനമാണ് 2024 ഡിസംബറിൽ രാജ്യത്തെ റീട്ടെയിൽ പണപ്പെരുപ്പം. നവംബറിൽ ഇത് 5.48 ശതമാനമായിരുന്നു.

&&&&&&&&&&&&&&

## PREZ SINGAPORE - INDIA

അഞ്ചു ദിവസത്തെ സന്ദർശനത്തിനായി സിംഗപൂർ പ്രസിഡൻറ് തർമൻ ഷൺമുഖരത്നം ഇന്ന് ഇന്ത്യയിലെത്തും. സിംഗപൂർ പ്രസിഡൻറായി സ്ഥാനമേറ്റ ശേഷമുള്ള അദ്ദേഹത്തിൻറെ ആദ്യ ഇന്ത്യൻ സന്ദർശനമാണ് ഇത്. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&

## Dr. Jaishankar:INDIA RISING GLOBAL STATURE

'എല്ലാവരുടെയും ഒപ്പം, എല്ലാവരുടെയും വികാസം, എല്ലാവരുടെയും വിശ്വാസം' എന്ന ഇന്ത്യയുടെ കാഴ്ച്ചപ്പാടിൻറെ ആഗോള പ്രാധാന്യം അടിവരയിട്ട് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. സ്പെയിനിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. റഷ്യയോടും യുക്രയിനോടും, ഇസ്രയേലിനോടും ഇറാനോടും സമ്പർക്കം പുലർത്താൻ

കഴിയുന്ന ചുരുക്കം ചില രാജ്യങ്ങളേ ഇന്നുള്ളു. എന്നാൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക്, അത് സാധ്യമാണെന്ന് കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

(വോയ്സ്)

ഇന്ത്യ- സ്പെയിൻ ബന്ധത്തിൻറെ ഭാവിസാധ്യതകൾ സംബന്ധിച്ചും ശ്രീ. ജയ്ശങ്കർ ശുഭാപ്തിവിശ്വാസം പങ്കുവച്ചു.

&&&&&&&&&&&&&&

## BIHAR- AIPOC

ഓൾ ഇന്ത്യ പ്രിസൈഡിങ് ഓഫീസേഴ്സ് കോൺഫറൻസിൻറെ എൺപത്തി അഞ്ചാമത് സമ്മേളനം ഈ മാസം ഇരുപത്, ഇരുപത്തി ഒന്ന് തീയതികളിൽ ബിഹാറിലെ പട്നയിൽ നടക്കും. ലോക് സഭാ സ്പീക്കർ ഓം ബിർള അധ്യക്ഷത വഹിക്കും. വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാ സ്പീക്കർമാർ, നിയമ നിർമാണ കൗൺസിൽ അധ്യക്ഷർ, സഭാ സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&

## ISRO CHAIRMAN

ഡോ. വി.നാരായണൻ ഐ.എസ്.ആർ.ഒ യുടെ പുതിയ ചെയർമാനായി ചുമതലയേറ്റു.ബഹിരാകാശ വകുപ്പ് സെക്രട്ടറി, ബഹിരാകാശ കമ്മീഷൻ ചെയർമാൻ എന്നീ സ്ഥാനങ്ങളും അദ്ദേഹം ഏറ്റെടുത്തു. ബെംഗളൂരുവിലെ ഐ.എസ്.ആർ.ഒ ആസ്ഥാനത്ത് എസ്. സോമനാഥിൽ നിന്നാണ് അദ്ദേഹം ഇന്നലെ ഉച്ചയ്ക്ക് ചുമതലയേറ്റത്. ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്ററിന്റെ ഡയറക്ടറായി 7 വർഷം ഉൾപ്പെടെ 40 വർഷത്തെ സ്തുത്യർഹമായ സേവനം പൂർത്തിയാക്കിയാണ് അദ്ദേഹം ഇസ്രോയുടെ നേതൃത്വം ഏറ്റെടുക്കുന്നത് . ഗഗൻയാൻ ഉൾപ്പെടെ ഐഎസ്ആർഒയുടെ വിക്ഷേപണവുമായി ബന്ധപ്പെട്ട നിരവധി വികസന പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി.1984 ലാണ് ഐ.എസ്.ആർ.ഒയിൽ പ്രവേശിച്ചത്.

&&&&&&&&&&&&&&

## MAKARAVILAKKU - SHABARIMALA

മകരജ്യോതി ദർശനത്തിനൊരുങ്ങി ശബരിമല. ഇന്ന് വൈകുന്നേരം 6.30-ന് ആണ് പൊന്നമ്പലമേട്ടിൽ മകരജ്യോതി ദർശിക്കാനാകുക.

ഭക്തലക്ഷങ്ങൾ ആണ് മകരജ്യോതി ദർശനത്തിനായി കാത്തിരിക്കുന്നത്. മകരവിളക്ക് ദർശനത്തിന് മണിക്കൂറുകൾ മാത്രം ശേഷിക്കെ തീർത്ഥാടകരിൽ നിറഞ്ഞിരിക്കുകയാണ് സന്നിധാനവും പരിസര പ്രദേശങ്ങളും. ഇന്ന് രാവിലെ സന്നിധാനത്ത് മകരസംക്രമപൂജ നടന്നു. വൈകുന്നേരം 5.30 ന് ശേഷം മാത്രമേ പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് ഇനി തീർത്ഥാടകരെ കടത്തിവിടു. ഹരിവരാസനം പുരസ്കാരം കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക് സമ്മാനിച്ചു.

&&&&&&&&&&&&&&

## KUMBHMELA

45 ദിവസം നീളുന്ന മഹാ കുംഭമേളയിൽ പ്രധാന ചടങ്ങുകളിലൊന്നായ മകര സംക്രാന്തി ദിനത്തിലെ പവിത്ര സ്നാനം. രണ്ടാം ദിനം 3 കോടി തീർത്ഥാടകർ പ്രയാഗ് രാജിൽ എത്തുമെന്നാണ് പ്രതീക്ഷ. പൗഷ് പൂർണിമ ദിനത്തിലെ ആദ്യ പുണ്യസ്നാനത്തോടെ ഇന്നലെ പുലർച്ചെയാണ് ലോകത്തെ ഏറ്റവും വലിയ തീർഥാടക സംഗമമായ മഹാ കുംഭമേളയ്ക്ക് തുടക്കമായത്. ഇന്നലെ മാത്രം ഒന്നര കോടി ജനങ്ങളാണ് ത്രിവേണി സംഗമത്തിലെ പുണ്യ സ്നാനത്തിൽ പങ്കെടുത്തത്.

&&&&&&&&&&&&&&

## FESTIVALS

മകരസംക്രാന്തി, പൊങ്കൽ, ബിഹു, ഉത്തരായൺ എന്നീ ഉത്സവങ്ങൾ ഇന്ന് രാജ്യത്തുടനീളം വിപുലമായി ആഘോഷിക്കുന്നു. വിളവെടുപ്പും, പ്രകൃതിയോടുള്ള കൃതജ്ഞതയും, സാംസ്കാരിക സമൃദ്ധിയും ഒത്തൊരുമയും അടയാളപ്പെടുത്തുന്നതാണ് ഈ ആഘോഷങ്ങൾ. മകരസംക്രാന്തി ദിനമായ ഇന്ന് ഗംഗ, യമുന തുടങ്ങിയ പുണ്യനദികളിൽ നിരവധിപ്പേർ പുണ്യസ്നാനം നടത്തുന്നു.

&&&&&&&&&&&&&&

## PM- GREETINGS

മകരസംക്രാന്തി, പൊങ്കൽ, മാഘ ബിഹു, ഉത്തരായൻ ഉത്സവങ്ങളുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങൾക്ക്

ആശംസകൾ നേർന്നു. ഉത്സവങ്ങൾ എല്ലാവരുടെയും ജീവിതത്തിൽ വിജയവും സന്തോഷവും കൊണ്ടുവരുമെന്ന് ശ്രീ മോദി സമൂഹ മാധ്യമ പോസ്റ്റിലൂടെ പ്രത്യാശ പങ്കു വച്ചു. അവ സന്തോഷത്തിൻറെയും ഐക്യത്തിൻറെയും ചൈതന്യം വർധിപ്പിക്കുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&

## CM - EDUCATION CONCLAVE

അറിവ്, നൈപുണ്യം, അഭിരുചി എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകുന്ന ഉന്നത വിദ്യാഭ്യാസ സമ്പ്രദായമാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കുസാറ്റിൽ രാജ്യാന്തര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് രണ്ടുദിവസത്തെ കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്.

&&&&&&&&&&&&&&

## Boby ARREST

അഭിനേത്രി ഹണി റോസിനെ അധിക്ഷേപിച്ചെന്ന കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂരിന് ഹൈക്കോടതി ജാമ്യം അനുവദിച്ചു. ബോബി ചെമ്മണ്ണൂരിൻ്റെ പരാമർശത്തിൽ ദ്വയാർത്ഥം ഇല്ല എന്ന് പറയാനാകില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ജാമ്യാപേക്ഷ ഇന്ന് പാസാക്കും.

&&&&&&&&&&&&&&

## ISL - FOOTBALL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന്, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്.സി ,എഫ്.സി ഗോവയെ നേരിടും. ഗുവാഹത്തി ഇന്ദിര ഗാന്ധി അത്‌ലറ്റിക് സ്റ്റേഡിയത്തിൽ രാത്രി 07.30 നാണ് മത്സരം.

&&&&&&&&&&&&&&

## BADMINTON - INDIA OPEN

ഇന്ത്യ ഓപ്പൺ സൂപ്പർ 750 ബാഡ്മിൻറൺ ടൂർണമെൻറ് ഇന്ന് ന്യൂഡൽഹിയിലെ കെ.ഡി. ജാദവ് ഇൻഡോർ ഹാളിൽ ആരംഭിക്കും. 36 ഇന്ത്യൻ താരങ്ങളും, അന്താരാഷ്ട്ര ഒളിമ്പിക് ജേതാക്കളും ഉൾപ്പെടെ 200 ലധികം മുൻനിര താരങ്ങൾ  പങ്കെടുക്കും. വനിതാ സിംഗിൾസിൽ പിവി സിന്ധുവും,

പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സതീഷ് കരുണാകരൻ - ആദ്യ വാരിയത് സഖ്യവും, സാത്വിക് സായിരാജ് -ചിരാഗ് ഷെട്ടി സഖ്യവും ഇന്നിറങ്ങും.

&&&&&&&&&&&&&&

## LOS ANGELES FIRE

പടിഞ്ഞാറൻ യുഎസിലെ ലോസ് ഏഞ്ചൽസിൽ കാട്ടുതീയിൽ 92,000-ത്തിലധികം പേരെ ഒഴിപ്പിച്ചു. 89,000-ത്തിലധികം പേർക്ക് ഒഴിപ്പിക്കൽ മുന്നറിയിപ്പും നൽകിയിട്ടുണ്ട്. കാട്ടുതീയിൽ ഇതുവരെ  25 പേരാണ് മരിച്ചത്.

&&&&&&&&&&&&&&

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 300 പോയിൻറ് ഉയർന്ന് 76,630 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 104 പോയിൻറ് നേട്ടത്തിൽ 23,195 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. ഗ്രാമിന് 10 രൂപ കുറഞ്ഞ് 7,330 രൂപയും പവന് 80 രൂപ കുറഞ്ഞ് 58,640 രൂപയുമായി.

&&&&&&&&&&&&&&
&&&&&&&&&
&&&&&